(ബി&സി) 2000-2001 അദ്ധ്യയന വർഷം പുതിയ പ്ളസ് ടൂ സ്കൂളുകൾ അനുവദിക്കുമ്പോൾ ഇക്കാര്യം അർഹതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിൽ പ്ളസ് ടൂ കോഴ്സുകൾ

39 (2019) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും സ്കൂളുകളിൽ പ്ളസ്ടൂ കോഴ്സുകൾ ഈ വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകളിലാണ് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) 2000-2001 അദ്ധ്യയനവർഷം പ്ളസ് ടൂ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടേയുള്ളൂ. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 6-3-2000 ആണ്. കോഴിക്കോട് ജില്ലയിൽ അനുവദിക്കേണ്ട പ്ളസ് ടൂ സ്കൂളുകൾ ഏതൊക്കെയാണെന്ന് തീരുമാനിച്ചിട്ടില്ല.

പ്ളസ് ടൂ തലത്തിൽ സൈക്കോളജി പഠിക്കണമെന്ന ആവശ്യം

40 (2020) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹൈസ്കൂൾ തലത്തിൽ സൈക്കോളജി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത വിഷയം പ്ളസ് ടൂ തലത്തിൽ പഠിപ്പിക്കുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) സൈക്കോളജി സംസ്ഥാനത്തെ 8 കോളേജുകളിൽ പ്രീഡിഗ്രി തലത്തിൽ പഠിപ്പിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ;

(സി) എങ്കിൽ പ്ളസ് ടൂ തലത്തിൽ സൈക്കോളജി ഒഴിവാക്കാനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ഡി) ഹൈസ്ക്കൂൾ തലത്തിൽ സൈക്കോളജി പഠിപ്പിക്കുന്നതിന് അവസരം നൽകുകയും തുടർന്നുള്ള ക്ലാസ്സുകളിൽ പ്രസ്തുത വിഷയം ഒഴിവാക്കുകയും ചെയ്യുമ്പോൾ ഹൈസ്ക്കൂൾ തലത്തിൽ സൈക്കോളജി പഠിച്ച വിദ്യാർത്ഥികൾക്ക് തുടർന്ന് പ്രസ്തുത വിഷയം പ്ളസ് ടൂ തലത്തിലും പഠിപ്പിക്കുന്നതിന് അവസരം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly